മുത്തലാഖ് ബിൽ ഇന്ന് രാജ്യസഭയിൽ

സ്വന്തം ലേഖകൻ

Monday 31 December 2018 4:54 am IST janmabhumidaily.com

2017 ഡിസംബറിൽ ലോക്സഭ മുത്തലാഖ് ബിൽ പാസാക്കിയെങ്കിലും രാജ്യസഭയിൽ വലിയ എതിർപ്പുയർന്നു. തുടർന്ന് മാറ്റങ്ങൾ വരുത്തി സർക്കാർ ഓർഡിനൻസ് ഇറക്കി. ഇതിന് പകരമായുള്ള പുതിയ ബില്ലാണ് ലോക്സഭ കഴിഞ്ഞ ദിവസം പാസാക്കിയത്. രാജ്യസഭയിൽ ഒരു വർഷമായി കിടക്കുന്ന മുത്തലാഖ് ബിൽ പിൻവലിക്കാതെയാകും പുതിയ ബിൽ അവതരിപ്പിക്കുക. പഴയ ബിൽ പിൻവലിക്കാനുള്ള നീക്കം പ്രതിപക്ഷം പരാജയപ്പെടുത്തിയാൽ തിരിച്ചടിയാകുമെന്ന് വിലയിരുത്തിയാണ് ഈ നീക്കം.

ന്യൂദൽഹി: പ്രതിപക്ഷ എതിർപ്പ് മറികടന്ന് ലോക്സഭയിൽ പാസാക്കിയെടുത്ത മുത്തലാഖ് ബില്ലുമായി സർക്കാർ ഇന്ന് രാജ്യസഭയിൽ. ഭൂരിപക്ഷമില്ലെങ്കിലും ബില്ല് പാസാക്കാനാവുമെന്നാണ് പ്രതീക്ഷയെന്ന് കേന്ദ്ര നിയമ മന്ത്രി രവിശങ്കർ പ്രസാദ് പറഞ്ഞു. പത്ത് പ്രതിപക്ഷ പാർട്ടികൾ എതിർപ്പുമായി രംഗത്തുണ്ടെന്നും ബില്ല് പരാജയപ്പെടുത്തുമെന്നും കോൺഗ്രസ് അവകാശപ്പെട്ടു. ലോക്സഭയിൽ 245 പേർ ബില്ലിനെ അനുകൂലിച്ചപ്പോൾ 11 പേർ എതിർത്ത് വോട്ട് ചെയ്തിരുന്നു. കോൺഗ്രസ് ഉൾപ്പെടെയുള്ള പാർട്ടികൾ ഇറങ്ങിപ്പോയി. ഭൂരിപക്ഷമില്ലാതിരുന്നിട്ടും രാജ്യസഭാ ഡപ്യൂട്ടി ചെയർമാൻ സ്ഥാനത്തേക്ക് സ്ഥാനാർത്ഥിയെ ജയിപ്പിക്കാൻ സാധിച്ചതിന്റെ ആത്മവിശ്വാസം സർക്കാരിനുണ്ട്. സഭയിൽ ഹാജരാകാനാവശ്യപ്പെട്ട് ബിജെപിയും കോൺഗ്രസ്സും അംഗങ്ങൾക്ക് വിപ്പ് നൽകി.

ശിവസേന ഉൾപ്പെടെ എൻഡിഎയിലെ മുഴുവൻ കക്ഷികളും ബില്ലിനെ പിന്തുണയ്ക്കും. എന്നാൽ, സർക്കാരിന് വിഷയാധിഷ്ഠിത പിന്തുണ നൽകിയിരുന്ന എഐഎഡിഎംകെ ബില്ലിനെ എതിർത്ത് ലോക്സഭയിൽ ഇറങ്ങിപ്പോക്ക് നടത്തിയിരുന്നു. ഇവർ രാജ്യസഭയിലും എതിർപ്പ് തുടരുമെന്നാണ് വിവരം. 2017 ഡിസംബറിൽ ലോക്സഭ മുത്തലാഖ് ബിൽ പാസാക്കിയെങ്കിലും രാജ്യസഭയിൽ വലിയ എതിർപ്പുയർന്നു. തുടർന്ന് മാറ്റങ്ങൾ വരുത്തി സർക്കാർ ഓർഡിനൻസ് ഇറക്കി. ഇതിന് പകരമായുള്ള പുതിയ ബില്ലാണ് ലോക്സഭ കഴിഞ്ഞ ദിവസം പാസാക്കിയത്. രാജ്യസഭയിൽ ഒരു വർഷമായി കിടക്കുന്ന മുത്തലാഖ് ബിൽ പിൻവലിക്കാതെയാകും പുതിയ ബിൽ അവതരിപ്പിക്കുക. പഴയ ബിൽ പിൻവലിക്കാനുള്ള നീക്കം പ്രതിപക്ഷം പരാജയപ്പെടുത്തിയാൽ തിരിച്ചടിയാകുമെന്ന് വിലയിരുത്തിയാണ് ഈ നീക്കം.

മുസ്ലിം വ്യക്തിനിയമ ബോർഡ് ഉൾപ്പെടെ എതിർക്കുന്ന മുത്തലാഖ് ബില്ലിൽ യാഥാസ്ഥിതിക വോട്ടുകളാണ് പ്രതിപക്ഷത്തിന്റെ ലക്ഷ്യം. മുത്തലാഖ് തുടരണമെന്ന നിലപാടാണ് വ്യക്തിനിയമ ബോർഡിനുള്ളത്. മുസ്ലിം വർഗീയ നേതാവായ അസദുദ്ദീൻ ഒവൈസിയുടെ ഭാഷയിലാണ് കോൺഗ്രസും സിപിഎമ്മും ബില്ലിനെതിരെ സംസാരിക്കുന്നത്. അതേസമയം, അടിച്ചമർത്തപ്പെട്ട മുസ്ലിം സ്ത്രീകളുടെ പിന്തുണ ലഭിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. ഇരകളായ മുസ്ലിം സ്ത്രീകളാണ് മുത്തലാഖിനെതിരെ സുപ്രീം കോടതിയെ സമീപിച്ചതും അനുകൂല വിധി നേടിയെടുത്തതും. സർക്കാർ ഇതിന് പിന്തുണ നൽകുകയും ചെയ്തു. നിരവധി ഇടങ്ങളിൽ മുസ്ലിം വനിതകൾ മോദിക്ക് അഭിവാദ്യമർപ്പിച്ച് ആഘോഷം സംഘടിപ്പിച്ചിരുന്നു. രാജ്യസഭയിൽ പ്രതിപക്ഷം ബില്ല് തടസ്സപ്പെടുത്തിയാലും രാഷ്ട്രീയ ആയുധമാക്കാൻ സാധിക്കുമെന്നാണ് ബിജെപി കരുതുന്നത്.